"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയം ഭരണ വകുപ്പ് - തദ്ദേശ സ്വയം ഭരണ വകുപ്പ് - ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2023 -26) - 50-ാമത് റിപ്പോർട്ട്- സമിതി ശിപാർശ ഖണ്ഡിക 53 - കണ്ണൂർ നഗരസഭാ കാര്യാലയ സന്ദർശനവും വിവര ശേഖരണവും - സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഹെഡ്ക്വാർട്ടേഴ്സ് ടീം ഉദ്യോഗസ്ഥരെ നിയമിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (എബി) വകുപ്പ്**

സ.ഉ.(സാധാ) നം.1169/2025/LSGD തീയതി,തിരുവനന്തപുരം, 12-05-2025

---

പരാമർശം:- ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി(2023-26) 50-ാമത് റിപ്പോർട്ട്, സമിതി ശിപാർശ ഖണ്ഡിക 53

**ഉത്തരവ്**

കണ്ണൂർ നഗര സഭയുടെ **2007-08** ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക. **3.26** പ്രകാരം മാലിന്യ നീക്കത്തിന് ടിപ്പർ ലോറികൾ ദിവസ വാടക അടിസ്ഥാനത്തിൽ ഉപയോഗിച്ചത് സംബന്ധിച്ച ക്രമവിരുദ്ധമായ നടപടികൾക്കെതിരെ അന്വേഷണം ശിപാർശ ചെയ്തു എന്ന ഓഡിറ്റ് പരാമർശത്തിന്മേൽ നഗരസഭ വ്യക്തമായ മറുപടി നൽകാത്തതിനാൽ സർക്കാർ തലത്തിൽ പരിശോധന നടത്തി വിശദമായ റിപ്പോർട്ട് ലഭ്യമാക്കാൻ പരാമർശ പ്രകാരം സമിതി ശിപാർശ ചെയ്തിരുന്നു. ആയതിനാൽ സമിതി ശിപാർശ പ്രകാരം പദ്ധതിയുമായി ബന്ധപ്പെട്ട ഫയലുകളും മറ്റു രേഖകളും പരിശോധിക്കുന്നതിനും ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും വിവരങ്ങൾ ശേഖരിക്കുന്നതിനുമായി **15.05.2025, 16.05.2025** എന്നീ തീയതികളിൽ കണ്ണൂർ നഗരസഭ കാര്യാലയം സന്ദർശിക്കുന്നതിനും വിവരങ്ങൾ ശേഖരിക്കുന്നതിനും സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഹെഡ്ക്വാർട്ടേഴ്സ് ടീമിലെ ചുവടെ പറയുന്ന ഉദ്യോഗസ്ഥരെ നിയമിച്ചു ഉത്തരവാകുന്നു.

1. ശ്രീ ബിജുക്കുട്ടൻ എം എസ്, സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ & അഡീഷണൽ സെക്രട്ടറി
2. ശ്രീ സനിൽ എസ്, അസിസ്റ്റന്റ് സെക്ഷൻ ഓഫീസർ, തദ്ദേശ സ്വയംഭരണ (എ.ബി.)വകുപ്പ്.
3. ശ്രീ ഗിരീഷ് കുമാർ പി, അസിസ്റ്റന്റ് സെക്ഷൻ ഓഫീസർ, തദ്ദേശ സ്വയംഭരണ (എ.ബി.)വകുപ്പ്.

ടി ഉദ്യോഗസ്ഥർക്ക് മേൽ തീയതികളിൽ കണ്ണൂർ നഗരസഭാ കാര്യാലയത്തിലേക്കും തിരികെയുള്ള യാത്രയ്ക്കും അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
GANGA G R
അണ്ടർ സെക്രട്ടറി

ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ &ഇ /ഓഡിറ്റ്), തിരുവനന്തപുരം
സബ് ട്രഷറി ഓഫീസർ, സെക്രട്ടേറിയേറ്റ് സബ് ട്രഷറി, തിരുവനന്തപുരം
പൊതുഭരണ (ബഡ്ജറ്റ് വിങ്) വകുപ്പ്
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി (എബി1/69/2024-ത.സ്വ.ഭ.വ.)

ഉത്തരവിൻ പ്രകാരം

Signed by
Jyothish M S
Date: 13-05-2025 12:01:53

സെക്ഷൻ ഓഫീസർ